REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

തിയ്യതി: 23-04-2025 സമയം 12.30 PM

## പ്രധാന വാർത്തകൾ

- **പഹൽഗാം ഭീകരാക്രമണത്തിന്റെ പശ്ചാത്തലത്തിൽ പ്രധാനമന്ത്രി നരേന്ദ്രമോദിയുടെ അധ്യക്ഷതയിൽ ന്യൂഡൽഹിയിൽ ഉന്നതതലയോഗം ചേർന്നു.**
- **ഭീകരതയ്ക്കെതിരായ പോരാട്ടത്തിൽ ഇന്ത്യയ്ക്ക് ലോകനേതാക്കളുടെ പിന്തുണ.**
- **ഫ്രാൻസിസ് മാർപാപ്പയുടെ ഭൗതിക ശരീരം സെന്റ് പീറ്റേഴ്സ് ബസലിക്കയിൽ അൽപസമയത്തിനകം പൊതുദർശനത്തിന് വെക്കും.**
- **ഇന്ന് ലോക പുസ്തക ദിനം.**
- **IPL ക്രിക്കറ്റിൽ ഇന്ന് സൺറൈസേഴ്സ് ഹൈദരാബാദ്, മുംബൈ ഇന്ത്യൻസുമായി ഏറ്റുമുട്ടും.**

## വാർത്തകൾ വിശദമായി

പഹൽഗാം ഭീകരാക്രമണത്തിന്റെ പശ്ചാത്തലത്തിൽ പ്രധാനമന്ത്രി നരേന്ദ്രമോദിയുടെ അധ്യക്ഷതയിൽ ന്യൂഡൽഹിയിൽ ഉന്നതതലയോഗം ചേർന്നു. സൗദി അറേബ്യ സന്ദർശനം വെട്ടിച്ചുരുക്കിയ പ്രധാനമന്ത്രി രാവിലെയാണ് ഡൽഹിയിൽ തിരിച്ചെത്തിയത്.

പഹൽഗാം ഭീകരണാക്രമണത്തിൽ ഒരു മലയാളിയും രണ്ട് വിദേശ പൗരന്മാരും ഉൾപ്പെടെ 26 പേർക്കാണ് ജീവൻ നഷ്ടമായത്. ഇന്നലെ ഉച്ചകഴിഞ്ഞ് സൈനിക വേഷത്തിലെത്തിയ ഭീകരർ വിനോദസഞ്ചാരികൾക്കു നേരെ നിറയൊഴിക്കുകയായിരുന്നു. 2019-ലെ പുൽവാമ ആക്രമണത്തിനു ശേഷം കശ്മീരിലുണ്ടായ ഏറ്റവും വലിയ ഭീകരാക്രമണമാണിത്.

✪✪✪

ജമ്മുകശ്മീരിലെ പഹൽഗാമിൽ ഭീകരരുടെ വെടിയേറ്റ് മരിച്ച ഇടപ്പള്ളി സ്വദേശി രാമചന്ദ്രന്റെ മൃതദേഹം രാത്രിയോടെ കൊച്ചിയിലെത്തിക്കും. എയർ ഇന്ത്യ വിമാനത്തിൽ മൃതദേഹം ശ്രീനഗറിൽ നിന്ന് ഡൽഹിയിലെത്തിച്ച ശേഷം വൈകിട്ടത്തെ വിമാനത്തിലാണ് മൃതദേഹം കൊച്ചിയിലെത്തിക്കുക.

✪✪✪

പഹൽഗാം ഭീകരാക്രമണത്തെ രാഷ്ട്രപതി ദ്രൗപതി മുർമുവും, ഉപരാഷ്ട്രപതി ജഗ്ദീപ് ധൻകറും പ്രധാനമന്ത്രി നരേന്ദ്രമോദിയും അപലപിച്ചു. ഭീകരാക്രമണം ഞെട്ടിപ്പിക്കുന്നതും വേദനാജനകവുമാണെന്ന് രാഷ്ട്രപതി ദ്രൗപതി മുർമു പറഞ്ഞു. ഭീകരാക്രമണത്തിൽ അതീവ ദുഃഖിതനാണെന്നും ഇത്തരം ആക്രമണങ്ങൾ അപലപനീയമാണെന്നും ഉപരാഷ്ട്രപതി സാമൂഹിക മാധ്യമത്തിൽ കുറിച്ചു. ഹീനമായ ചെയ്തിക്ക് പിന്നിൽ പ്രവർത്തിച്ചവരെ നിയമത്തിനു മുന്നിൽ കൊണ്ടുവരുമെന്നും, അവരെ വെറുതെ വിടില്ലെന്നും പ്രധാനമന്ത്രി നരേന്ദ്രമോദി പറഞ്ഞു.

✪✪✪

പഹൽഗാം ഭീകരാക്രമണത്തെ ലോകരാഷ്ട്രങ്ങൾ അപലപിച്ചു. ഭീകരതയ്ക്കെതിരായ പോരാട്ടത്തിൽ ഇന്ത്യയ്ക്ക് സർവ്വ പിന്തുണയും നൽകുന്നതായി ലോകനേതാക്കൾ പ്രഖ്യാപിച്ചു.

സാധാരണക്കാർക്കെതിരായ ആക്രമണം ഒരു സാഹചര്യത്തിലും അംഗീകരിക്കാനാവില്ലെന്ന് ഐക്യരാഷ്ട്രസഭാ സെക്രട്ടറി ജനറൽ അന്റോണിയോ ഗുട്ടെറസ് പറഞ്ഞു.

ഡെസ്ക് വോയ്സ്

.......വോയ്സ്.......

ആക്രമണത്തിന്റെ പശ്ചാത്തലത്തിൽ പ്രധാനമന്ത്രി നരേന്ദ്രമോദിക്കും ഇന്ത്യൻ ജനതക്കും പൂർണ പിന്തുണ വാഗ്ദാനം ചെയ്യുന്നതായി അമേരിക്കൻ പ്രസിഡന്റ് ഡൊണാൾഡ് ട്രംപ് പറഞ്ഞു. ഭീകരതക്കെതിരെ ഇന്ത്യക്കൊപ്പം അമേരിക്ക ശക്തമായി നിലകൊള്ളുമെന്നും ട്രംപ് ഉറപ്പു നൽകി. ഇസ്രായേൽ പ്രധാനമന്ത്രി ബെഞ്ചമിൻ നെതന്യാഹുവും ഭീകരാക്രമണത്തിൽ ദുഃഖം രേഖപ്പെടുത്തി. ഭീകരതയ്ക്കെതിരായ പോരാട്ടത്തിൽ ഇന്ത്യ്ക്ക് ഇസ്രായേൽ പിന്തുണ അറിയിച്ചു. ആക്രമണത്തിൽ അതീവ ദുഃഖിതനാണെന്നും ഇന്ത്യാ ഗവൺമെന്റിനോടും ജനങ്ങളോടും ഐക്യദാർഢ്യം പ്രകടിപ്പിക്കുന്നതായും ഇറ്റാലിയൻ പ്രധാനമന്ത്രി ജോർജിയ മെലോണിയും പറഞ്ഞു. ഇറാൻ എംബസിയും ആക്രമണത്തിൽ നടുക്കം രേഖപ്പെടുത്തി. ഇന്ത്യാ ഗവൺമെന്റിന്

പിന്തുണ നൽകുമെന്ന് ഇറാൻ ഗവൺമെന്റ് വ്യക്തമാക്കി. ആക്രമണത്തിന്റെ പശ്ചാത്തലത്തിൽ ഇന്ത്യക്കൊപ്പം ഉറച്ചു നിൽക്കുമെന്ന് ഇന്ത്യയിലെ റഷ്യൻ അംബാസഡർ ഡെനിസ് അലിപോവ് പറഞ്ഞു.

കശ്മീരിലേത് അങ്ങേയറ്റം വിനാശകരമായ ആക്രമണമാണെന്ന് ബ്രിട്ടീഷ് പ്രധാനമന്ത്രി കെയർ സ്റ്റാർമർ പറഞ്ഞു. വിനോദസഞ്ചാരികൾക്ക് നേരെയുണ്ടായ ഹീനമായ ഭീകരാക്രമണത്തെ ശക്തമായി അപലപിക്കുന്നതായി ജർമ്മൻ ചാൻസലർ ഒലാഫ് ഷോൾസ് പറഞ്ഞു.

ഭീകരാക്രമണത്തിൽ ശ്രീലങ്കൻ പ്രസിഡന്റ് അനുര കുമാര ദിസനായകെ ദുഃഖം അറിയിച്ചു. ശ്രീലങ്കയുടെ എല്ലാ ഹൃദയങ്ങളും ജീവൻ നഷ്ടമായവരുടെ കുടുംബാംഗങ്ങൾക്കൊപ്പമാണെന്ന് ദിസനായകെ അറിയിച്ചു. തീവ്രവാദ പ്രവർത്തനങ്ങൾ ശക്തമായി ചെറുത്തു തോൽപ്പിക്കണമെന്ന് നേപ്പാൾ പ്രധാനമന്ത്രി KP ശർമ്മ ഒലി പറഞ്ഞു.

✪✪✪

ഭീകരാക്രമണത്തിൽ കൊല്ലപ്പെട്ടവർക്ക് കേന്ദ്രമന്ത്രി അമിത് ഷാ ആദരാഞ്ജലി അർപ്പിച്ചു. ശ്രീനഗറിലെ പൊലീസ് കൺട്രോൾ റൂമിലെത്തിച്ച മൃതദേഹത്തിൽ അമിത് ഷാ പുഷ്പാർച്ചന നടത്തി.

മൃതദേഹങ്ങൾ അവരുടെ ജന്മസ്ഥലങ്ങളിലേക്ക് എത്തിക്കുന്നതിന് നടപടി പുരോഗമിക്കുകയാണെന്ന് അമിത് ഷാ പറഞ്ഞു. അനന്ത്നാഗിലെ ഗവൺമെന്റ് മെഡിക്കൽ കോളജ് ആശുപത്രിയിൽ പരിക്കേറ്റവരെയും അമിത് ഷാ സന്ദർശിച്ചു.

പഹൽഗാമിലും ദക്ഷിണ കശ്മീരിലെ അനന്ത്നാഗിലും കുൽഗാമിലും മറ്റ് ദക്ഷിണ കശ്മീർ ജില്ലകളിലും സുരക്ഷ ശക്തമാക്കി. ആക്രമണത്തിൽ പ്രതിഷേധിച്ച് കശ്മീർ താഴ്വരയിലും ജമ്മു മേഖലയിലും വിവിധ സംഘടനകൾ ആഹ്വാനം ചെയ്ത ബന്ദ് തുടരുന്നു. മിക്ക കടകളും മാർക്കറ്റുകളും പ്രാദേശിക വ്യാവസായിക, നിർമാണ യൂണിറ്റുകളും അടഞ്ഞു കിടക്കുകയാണ്. വാഹനഗതാഗതം സ്തംഭിച്ചു. ഇന്നലെ വിവിധ പ്രദേശങ്ങളിലെ ആളുകൾ മെഴുകുതിരി കത്തിച്ച് പ്രതിഷേധ പ്രകടനങ്ങൾ സംഘടിപ്പിച്ചു.

✪✪✪

ഭീകരാക്രമണത്തിന്റെ പശ്ചാത്തലത്തിൽ സുരക്ഷാ സ്ഥിതി വിലയിരുത്താൻ ആഭ്യന്തരമന്ത്രി അമിത് ഷാ പഹൽഗാമിലെത്തി. ബൈസാരൻ വനമേഖലയിലെ ഭീകരാക്രമണം നടന്ന സ്ഥലം അദ്ദേഹം സന്ദർശിക്കും.

✪✪✪

ജമ്മുകശ്മീരിലെ ഭീകരാക്രമണ സാഹചര്യം കണക്കിലെടുത്ത് എയൻഇന്ത്യയും, ഇൻഡിഗോയും ഉൾപ്പെടെ വിമാനക്കമ്പനികൾ ശ്രീനഗറിൽ നിന്ന് പ്രത്യേക സർവീസ് ആരംഭിച്ചു. ഡൽഹിയിലേക്കും മുംബൈയിലേക്കും രണ്ട് അധിക സർവീസുമുണ്ട്.

✪✪✪

പഹൽഗാം ഭീകരാക്രമണത്തെ തുടർന്ന് വിനോദ സഞ്ചാരികൾക്കായി ജമ്മു കശ്മീർ ഗവൺമെന്റ് അടിയന്തര ഹെൽപ് ഡെസ്കുകൾ ഒരുക്കി. ശ്രീനഗറിലും എമർജൻസി കൺട്രോൾ റൂം ആരംഭിച്ചിട്ടുണ്ട്.

✪✪✪

ധനമന്ത്രി നിർമല സീതാരാമൻ ജമ്മുകശ്മീരിലെ ഭീകരാക്രമണത്തിന്റെ പശ്ചാത്തലത്തിൽ US-പെറു സന്ദർശനം വെട്ടിച്ചുരുക്കി. ദുഷ്കരമായ ഈ സന്ദർഭത്തിൽ ഇന്ത്യൻ ജനതയ്ക്കൊപ്പം ചേരാൻ എത്രയും വേഗം മടങ്ങുകയാണെന്ന് അവർ സാമൂഹിക മാധ്യമത്തിൽ കുറിച്ചു.

✪✪✪

ഭീകരതക്കെതിരെ രാജ്യം മുഴുവൻ ഒറ്റക്കെട്ടാണെന്ന് ലോക്സഭാ പ്രതിപക്ഷ നേതാവ് രാഹുൽഗാന്ധി പറഞ്ഞു. നിരപരാധികളായ വിനോദ സഞ്ചാരികൾ കൊല്ലപ്പെടുന്നത് അങ്ങേയറ്റം അപലപനീയവും ഹൃദയഭേദകവുമാണെന്ന് അദ്ദേഹം സമൂഹിക മാധ്യമത്തിൽ കുറിച്ചു.

✪✪✪

ഫ്രാൻസിസ് മാർപാപ്പയുടെ ഭൗതിക ശരീരം സെന്റ് പീറ്റേഴ്സ് ബസലിക്കയിൽ അൽപസമയത്തിനകം പൊതുദർശനത്തിന് വെക്കും. കാസ സാന്റാ മാർട്ടയിലെ അദ്ദേഹത്തിന്റെ വസതിയിൽ നിന്ന് വിലാപയാത്രയായാണ് ഭൗതിക ശരീരം സെന്റ് പീറ്റേഴ്സ് ബസലിക്കയിൽ എത്തിക്കുക.

ഖബറടക്ക ചടങ്ങുകൾ ശനിയാഴ്ച നടത്തുമെന്ന് വത്തിക്കാൻ വാർത്താക്കുറിപ്പിൽ അറിയിച്ചു.

✪✪✪

ഇന്ന് ലോക പുസ്തക ദിനം. പുസ്തകങ്ങളെയും സാഹിത്യകാരന്മാരെയും ആദരിക്കുന്നതിന് അവസരമാണ് പുസ്തക ദിനം നൽകുന്നത്. വായനയിലൂടെ നിങ്ങളെ കണ്ടെത്തുകയെന്നതാണ് എന്നതാണ് ഈ വർഷത്തെ പ്രമേയം.

✪✪✪

IPL ക്രിക്കറ്റിൽ ഇന്ന് സൺറൈസേഴ്സ് ഹൈദരാബാദ്, മുംബൈ ഇന്ത്യൻസുമായി ഏറ്റുമുട്ടും. ഹൈദരാബാദിലെ രാജീവ് ഗാന്ധി അന്താരാഷ്ട്ര സ്റ്റേഡിയത്തിൽ വൈകിട്ട് ഏഴരയ്ക്കാണ് മത്സരം.

✪✪✪

രണ്ടാം പിണറായി ഗവൺമെന്റിന്റെ നാലാംവാർഷികാഘോഷത്തിന്റെ ഭാഗമായി മുഖ്യമന്ത്രി പിണറായി വിജയന്റെ നേതൃത്വത്തിൽ പത്തനംതിട്ട ജില്ലാതല അവലോകന യോഗം നാളെ ചേരും. രാവിലെ 10.30 മുതൽ 12.30 വരെ ഇലന്തൂർ നന്നുവക്കാട് തൂക്കുപാലം പെട്രാസ് കൺവെൻഷൻ സെന്ററിലാണ് പരിപാടി.

ജില്ലയിലെ വിവിധ മേഖലകളിലെ പ്രത്യേക ക്ഷണിതാക്കളായ 500 പേരുമായി മുഖ്യമന്ത്രി സംവദിക്കും.

✪✪✪

സംസ്ഥാനത്തെ മുഴുവൻ പൊതുമരാമത്ത് റോഡുകളും BM BC നിലവാരത്തിലേക്ക് ഉയരുമെന്ന് മന്ത്രി P.A മുഹമ്മദ് റിയാസ് പറഞ്ഞു. കിഫ്ബി ഫണ്ടിൽ ഉൾപ്പെടുത്തി നിർമ്മിച്ച കാഞ്ഞങ്ങാട് നിയോജക മണ്ഡലത്തിലെ കിനാനൂർ- കരിന്തളം, കിളിയളം - വരഞ്ഞൂർ - ബാനം - കമ്മാടം റോഡുകളും, കിളിയളം പാലവും ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.

സംസ്ഥാനത്തെ 30,000 കിലോമീറ്റർ റോഡുകളിൽ 60 ശതമാനം ഇതിനോടകം BM BC നിലവാരത്തിലേക്ക് ഉയർന്നു കഴിഞ്ഞെന്നും അദ്ദേഹം അറിയിച്ചു.

✪✪✪

UPSC യുടെ സിവിൽ സർവ്വീസ് പരീക്ഷയിൽ മികച്ച വിജയം നേടിയ വിദ്യാർത്ഥികളെ മന്ത്രി ഡോ. R ബിന്ദു അഭിനന്ദിച്ചു. സ്റ്റേറ്റ് സിവിൽ സർവ്വീസ് അക്കാഡമിയിൽ നിന്ന് പഠനം പൂർത്തിയാക്കി ഉന്നത വിജയം നേടിയ വിദ്യാർത്ഥികളെ മന്ത്രി സന്തോഷം അറിയിച്ചു.

✪✪✪

ആലപ്പുഴ ജില്ലയിൽ നെല്ല് സംഭരണത്തിന് അടിയന്തര നടപടി കൃഷിവകുപ്പ് സ്വീകരിക്കണമെന്ന് KC വേണുഗോപാൽ MP ആവശ്യപ്പെട്ടു. ഇക്കാര്യത്തിൽ മന്ത്രി P. പ്രസാദിന് എംപി കത്തുനൽകി.

പുന്നപ്ര വെട്ടിക്കരി പാടശേഖരത്ത് കൊയ്തെടുത്ത 8,000 ത്തോളം ക്വിന്റൽ നെല്ല് ആഴ്ച്ചകളായി സംഭരിക്കാൻ ആളില്ലാതെ കിടക്കുകയാണെന്നും,

സാങ്കേതിക കാരണങ്ങളുടെ പേരിലാണ് നെല്ല് സംഭരണം തടസ്സപ്പെട്ടതെന്നും വേണുഗോപാൽ പറഞ്ഞു.

20 ലക്ഷം രൂപയുടെ നെല്ലാണ് ഇപ്രകാരം സംഭരിക്കാൻ കഴിയാതെ കെട്ടിക്കിടക്കുന്നതെന്നും, നെല്ല് സംഭരണം അനന്തമായി വൈകരുതെന്നും വേണുഗോപാൽ ആവശ്യപ്പെട്ടു.

✪✪✪

കൊല്ലത്ത് ESI മെഡിക്കൽ കോളേജ് അനുവദിച്ചതായി NK പ്രേമചന്ദ്രൻ MP അറിയിച്ചു. കൊല്ലം ആശ്രാമം ESI മോഡൽ ആൻഡ് സൂപ്പർ സ്പെഷ്യാലിറ്റി ആശുപത്രി മെഡിക്കൽ കോളേജ് ആയി ഉയർത്തണമെന്ന ആവശ്യം കേന്ദ്ര മന്ത്രി മൻസൂഖ് മാണ്ഡവ്യ അംഗീകരിച്ചതായി അദ്ദേഹം കൊല്ലത്ത് പറഞ്ഞു.

✪✪✪

സ്വർണ വില കുറഞ്ഞു. പവന് 2,200 രൂപ കുറഞ്ഞ് 72,120 രൂപയായി. 9015 രൂപയാണ് ഇന്നത്തെ ഗ്രാം വില.

✪✪✪

തിരുവനന്തപുരത്ത് CPIM ന്റെ പുതിയ ആസ്ഥാന മന്ദിരമായ AKG സെന്റർ വൈകിട്ട് മുഖ്യമന്ത്രി ഉദ്ഘാടനം ചെയ്യും. പാർട്ടി ജനറൽ സെക്രട്ടറി MA ബേബി ചടങ്ങിൽ മുഖ്യതിഥിയാകും. 32 സെന്റിൽ ഒമ്പത് നിലകളിലാണ് പുതിയ മന്ദിരം പണിതത്.

✪✪✪

CPI ദേശീയ നേതൃയോഗങ്ങൾ ഇന്ന് തിരുവനന്തപുരത്ത് ആരംഭിക്കും. ചണ്ഡിഗഢിൽ ചേരുന്ന 25-ാം പാർട്ടി കോൺഗ്രസിന്റെ രാഷ്ട്രീയ പ്രമേയത്തിൽ പ്രാഥമിക ചർച്ചയാണ് മൂന്ന് ദിവസത്തെ നേതൃയോഗത്തിന്റെ പ്രധാന അജണ്ട.

✪✪✪

കോട്ടയം തിരുവാതുക്കലിൽ ദമ്പതികളെ കൊലപ്പെടുത്തിയ കേസിലെ പ്രതി പൊലീസ് പിടിയിലായി. ആസാം സ്വദേശി അമിത് ഉറാംഗിനെ തൃശൂർ മാളയിൽ നിന്നാണ് പൊലീസ് കസ്റ്റഡിയിൽ എടുത്തത്. പ്രതിയെ അന്വേഷണ സംഘം ഉടൻ കോട്ടയത്ത് എത്തിക്കും. വ്യവസായിയായ വിജയകുമാറിനെയും ഭാര്യ മീരയെയും തിരുവാതുക്കലെ വീട്ടിൽ കൊല്ലപ്പെട്ട നിലയിൽ തിങ്കളാഴ്ചയാണ് കണ്ടെത്തിയത്.

✪✪✪

മൂന്ന് ദിവസം മുമ്പ് പൊന്നാനിയിൽ നിന്ന് കാണാതായ 14 വയസുകാരായ മൂന്ന് വിദ്യാർഥികളെയും കർണാടകയിലെ കാർവാറിൽ കണ്ടെത്തി. നഗരസഭാ ചെയർമാൻ ശിവദാസ് ആറ്റുപുറമാണ് ഇക്കാര്യം അറിയിച്ചത്.

✪✪✪

സംസ്ഥാനത്ത് ശനിയാഴ്ച വരെ ഇടിയോടു കൂടിയ ശക്തമായ മഴയ്ക്ക് സാധ്യതയെന്ന് കേന്ദ്രകാലാവസ്ഥ വകുപ്പ് മുന്നറിയിപ്പ് നൽകി. മണിക്കൂറിൽ 40 വരെ കിലോമീറ്റർ വേഗത്തിൽ ശക്തമായ കാറ്റിനും, കന്യാകുമാരി തീരത്ത് ഇന്ന് വൈകിട്ട് 5.30 വരെ ഉയർന്ന തിരമാലയ്ക്കും കടലാക്രമണത്തിനും സാധ്യതയുണ്ട്.

✪✪✪

*News Editor ,News Reader: : വി കെ സുരേഷ്*
*News Team: ഫസ്ന ഫാത്തിമ*
*DEO: സി കെ സുബോധ്*